## വിപണി പോയവാരം

ജിഷ എലിസബത്ത്

# നാഫെഡ് ഇടപെടുന്നില്ല; വെളിച്ചെണ്ണ വില തകരുന്നു

കൊച്ചി: റബർ,വെളിച്ചെണ്ണ വിപണികളിൽ സ്ഥിരത ദൃശ്യമായി. കറുത്തപൊന്നിന് നേരിയ വർധന. മഞ്ഞലോഹ വിപണിയിൽ വൻ വ്യതിയാനം. കയറ്റുമതി ഡിമാൻഡ് വർധിച്ചതോടെ തേയില വില കൂടി.

റബർ വിപണിയിൽ പോയവാരം വലിയ ഏറ്റക്കുറച്ചിലുകൾ ഉണ്ടായില്ല. വാരാദ്യം ആർ.എസ്.എസ് നാല് കിൻറലിന് 192,000 രൂപ ആയിരുന്നത് വാരാവസാനം 190000 ആയി കുറഞ്ഞു. അന്താരാഷ്ട്ര വിപണിയിൽ കിലോക്ക് 178 ഡോളറാണ് വില. വില കുട്ടി വാങ്ങി ശേഖരിക്കാൻ വ്യാപാരികൾ തീരുമാനിച്ചിട്ടുണ്ട്. ഇന്ത്യൻ ഇനത്തിന് വലിയ ഡിമാൻഡില്ലാത്ത അവസ്ഥയാണ്.

വെളിച്ചെണ്ണ വാരാവസാനം കിൻറലിന് 7150 രൂപയായിരുന്നു വില. വാരാദ്യം 7100 രൂപയായിരുന്നു. വരുംദിനങ്ങളിൽ വീണ്ടും കൂടുമെന്നാണ് വ്യാപാരികളുടെ കണക്കുകൂട്ടൽ. നിലവിൽ വെളിച്ചെണ്ണക്ക് 7500 രൂപ തറവില നിശ്ചയിച്ചിട്ടുണ്ട്. കൊപ്ര വിലയിലും കാര്യമായ വ്യത്യാസം ഇല്ല. തറവില 51 രൂപയാണെങ്കിലും 50 രൂപ മാത്രമാണ് മാർക്കറ്റിൽ ഇപ്പോൾ നൽകുന്നത്. തമിഴ്നാട്ടിൽ നിന്നുള്ള വരവ് വർധിക്കാൻ സാധ്യത കൂടുതലാണെന്ന് വ്യാപാരികൾ ചൂണ്ടിക്കാട്ടുന്നു. മാർച്ചിൽ കേരളത്തിലും പ്രത്യേകിച്ച് വടക്കൻ ജില്ലകളിലും സീസൺ ആരംഭിക്കും. ഇത് കൊപ്ര വരവ് വീണ്ടും വർധിപ്പിക്കും. തറവിലക്ക് സംഭരിക്കാൻ നാളികേര വികസന ബോർഡും നാഫെഡും നടപടിയെടുക്കുന്നില്ലെന്നാണ് പരാതി. നിലവിൽ വലിയ കമ്പനികൾ വെളിച്ചെണ്ണക്ക് ഓർഡർ നൽകുന്നില്ല. വരവ് കൂടുകയും വിപണനം കുറയുകയും ചെയ്യുമ്പോൾ കുറഞ്ഞ വിലയ്ക്ക് സംഭരിക്കാനാകുമെന്നാണ് കമ്പനികളുടെ കണക്ക് കൂട്ടൽ. വരും ദിനങ്ങളിൽ 400 രൂപ കുറയാനാണ് സാധ്യതയെന്നും വിപണി വൃത്തങ്ങൾ വ്യക്തമാക്കുന്നു.

കുരുമുളക് വിലയിൽ നേരിയ വർധനവ്. പോയവാരം കിൻറലിന്മേൽ 600 രൂപയുടെ വർധനവ് രേഖപ്പെടുത്തി. ഗാർബിൾഡിന് വാരാദ്യം 32,000 ആയിരുന്നത് വെള്ളിയാഴ്ച 32600 ആയി. കഴിഞ്ഞ വർഷത്തെക്കാളും കുറഞ്ഞ നിരക്കിലാണ് കുരുമുളക് വിൽപ്പന നടക്കുന്നത്. എന്നാൽ, കർഷകർക്ക് പ്രതീക്ഷ നൽകുന്ന വില പോയവാരം ലഭിച്ചിരുന്നു. ഒരു മാസത്തിനിടയിൽ വിലയിൽ ഗണ്യമായ കുറവുണ്ടായതോടെ ചരക്ക് വാങ്ങാൻ വ്യാപാരികൾ മടിക്കുന്ന സാഹചര്യം തുടരുകയാണ്. ഊഹക്കച്ചവടക്കാരുടെ ഇടപെടൽ മൂലം കുരുമുളക് വിപണിയിൽ അനിശ്ചിതത്വവും തകർച്ചയും നിലനിൽക്കുന്നു. ചില വൻകിട കമ്പനികൾ വിട്ടുനിന്ന് വില ഇടിക്കാൻ ശ്രമങ്ങളും നടക്കുന്നു. അവധി ആഘോഷങ്ങൾ മൂലം ചൈനീസ് വ്യാപാരികൾ വിപണിയിൽ നിന്ന് വിട്ടുനിന്ന ആഴ്ചയായിരുന്നു കടന്നുപോയത്.

സ്വർണ വിലയിൽ വൻ വ്യതിയാനം ദൃശ്യമായി. വാരാദ്യം പവന് 20,600 രൂപയായിരുന്നു രേഖപ്പെടുത്തിയത്. തൊട്ടടുത്ത രണ്ടു ദിവസങ്ങളിൽ 40 രൂപ കൂടിയശേഷം തൊട്ടടുത്ത ദിവസം 120 രൂപ കുറഞ്ഞു. തൊട്ടടുത്ത രണ്ടുദിവസവും പവന് 400 വീതം കൂടി. വാരാവസാനം പവൻ വില 21000 രൂപയായിരുന്നു.

രാജ്യാന്തര വിപണിയിൽ കരുതൽ ശേഖരത്തിലേക്ക് നിക്ഷേപകർ വാങ്ങിത്തുടങ്ങിയതാണ് വിലക്കയറ്റത്തിന് പ്രധാന കാരണം. സ്വർണം ഔൺസിന് 1725 ഡോളറാണ് വില. ഡോളറിന്റെ മൂല്യം കുറഞ്ഞതോടെ വൻതോതിൽ സ്വർണം ഇറക്കുമതി ചെയ്യാൻ വ്യാപാരികൾ താൽപ്പര്യം പ്രകടിപ്പിക്കുന്നുണ്ട്.

കയറ്റുമതി ഡിമാൻഡിൽ ഇലത്തേയില വില വർധിച്ചു. ഓർത്തഡോക്സ് തേയില കിലോക്ക് രണ്ടുമുതൽ നാലുവരെയും സി.ടി.സി തേയില കിലോക്ക് രണ്ട്- അഞ്ച് വരെയും വില ഉയർന്നു. കയറ്റുമതിക്കാരുടെ ഇടപെടലാണ് വില കൂടാൻകാരണം. എന്നാൽ, പൊടിത്തേയില വിലയിൽ മാറ്റമില്ല.

## വില നിലവാരം

ഓർത്തഡോക്സ് ലീഫ് -1,65,000 കിലോ
ഹൈഗ്രോൺ ബ്രോക്കൺസ്: 168- 180
ഹൈഗ്രോൺ ഫാനിങ്സ് : 124-131
മീഡിയം ബ്രോക്കൺസ്: 62-67
മീഡിയം ഫാനിങ്സ്: 57- 61

സി.ടി.സി ലീഫ് - 91,000 കിലോ
ബെസ്റ്റ് ബ്രോക്കൺ: 90-97
ബെസ്റ്റ് ഫാനിങ്സ്: 75-81
മീഡിയം ബ്രോക്കൺസ് : 63-68
മീഡിയം ഫാനിങ്സ്: 60-65

ഓർത്തഡോക്സ് ഡസ്റ്റ് - 15,000 കിലോ
ബെസ്റ്റ് ബ്രോക്കൺ ഡസ്റ്റ്: ഇല്ല
ബ്രോക്കൺ ഫൈൻ ഡസ്റ്റ്: 67- 72
സാധാരണയിനം: 43- 48

സി.ടി.സി ഡസ്റ്റ് - 10,67,000 കിലോ
ബെസ്റ്റ് സൂപ്പർഫൈൻ ഡെസ്റ്റ്: 103- 109
ബെസ്റ്റ് റെഡ് ഡെസ്റ്റ്: 93-97
ഇടത്തരം കടുപ്പം കൂടിയത്: 88-93
കടുപ്പം കുറഞ്ഞ ഇടത്തരം: 81-85
സാധാരണയിനം: 62-67